ഉത്പന്നത്തിന്റെ വില കർഷകർക്ക് തീരുമാനിക്കാൻ കഴിയണം - മന്ത്രി

കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നീര ഉത്പന്നങ്ങൾ മന്ത്രി ആര്യാടൻ മുഹമ്മദ് സ്വാതന്ത്ര്യസമര സേനാനി പി. വാസു, ജില്ലാ സഹകരണ ബാങ്ക് പ്രസിഡൻറ് മനയത്ത് ചന്ദ്രൻ എന്നിവർക്ക് നൽകി പുറത്തിറക്കുന്നു

കോഴിക്കോട്: തങ്ങളുണ്ടാക്കുന്ന ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കർഷകനുണ്ടായാൽ മാത്രമേ കാർഷികമേഖലയിലെ വിലയിടിവിന് പരിഹാരം കാണാൻ കഴിയൂവെന്ന് മന്ത്രി ആര്യാടൻ മുഹമ്മദ് പറഞ്ഞു. കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ വിവിധ ഉത്പന്നങ്ങൾ പുറത്തിറക്കലും നീര പ്ലാൻറ് ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

മറ്റെല്ലാ മേഖലയിലും നിർമാതാക്കളാണ് വില നിശ്ചയിക്കുന്നത്. എന്നാൽ കൃഷിക്കാരനും സംഘങ്ങൾക്കും ഒരിക്കലും അതിനുള്ള അധികാരമില്ല. വിപണിയാണ് വില നിശ്ചയിക്കുന്നത്. ന്യായമായ പ്രതിഫലം ലഭിക്കാൻ അത്തരം അധികാരം വേണമെന്ന് അദ്ദേഹം പറഞ്ഞു. കാർഷികോത്പന്നങ്ങളുടെ വിലയിടിവ് കാരണം കൃഷിക്കാരുടെ നട്ടെല്ലൊടിയുകയാണ്. മാറി മാറി വരുന്ന സർക്കാറുകളും ഇതിന് പരിഹാരം കാണാൻ പദ്ധതികളാവിഷ്കരിക്കുന്നുണ്ടെങ്കിലും ഒന്നും ഫലപ്രദമാകുന്നില്ലെന്ന് മന്ത്രി പറഞ്ഞു.

ചേളന്നൂരിലാണ് കമ്പനിയുടെ പ്ലാൻറ് പ്രവർത്തിക്കുന്നത്. നീര പാനീയത്തിന് പുറമെ തേൻ, അപ്പം, ഹലുവ, വെളിച്ചെണ്ണ എന്നീ ഉത്പന്നങ്ങളാണ് പുറത്തിറക്കിയത്.

സ്നേഹാഞ്ജലി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചെയർമാൻ പി. പ്രദീപ് കുമാർ അധ്യക്ഷനായി. സ്വാതന്ത്ര്യ സമര സേനാനി പി. വാസു, ജില്ലാ സഹകരണ ബാങ്ക് പ്രസിഡൻറ് മനയത്ത് ചന്ദ്രൻ തുടങ്ങിയവർ ചേർന്ന് ഉത്പന്നങ്ങൾ ഏറ്റുവാങ്ങി. കമ്പനി മാനേജിങ് ഡയറക്ടർ ടി.കെ. സുമിത്രൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ സജി അബ്രഹാം, എക്സ്റ്റൻഷൻ ഡെപ്യൂട്ടി കമ്മിഷണർ പി.കെ. സുരേഷ്, കൗൺസിലർ പി. കിഷൻ ചന്ദ്, ചേളന്നൂർ പഞ്ചായത്ത് പ്രസിഡൻറ് പി. ശ്രീധരൻ, ബാബു മത്തത്ത്, വി. കബീർ, ഐ.വി. ശശാങ്കൻ, ജി. എം. രൂപക്, ടി. ചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.